എസ്.എച്ച്(1) 48270/15.

കാർഷിക വികസന കർഷക
ക്ഷേമ ഡയറക്ടറാഫീസ്,
തിരുവനന്തപുരം, തീയതി: 02.04.2017

**സർക്കുലർ.**

വിഷയം- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ജീവനക്കാര്യം -ഫാം ഇൻഫർമേഷൻ ബ്യൂറോയിലെ വീഡിയോഗ്രാഫർ തസ്തികയിലെ ഒഴിവ് നികത്തുന്നത് സംബന്ധിച്ച്.

പരാമർശം - സർക്കാർ ഉത്തരവ് (ആർറ്റി) നം. 1229/97/എ.ഡി. തീയതി: 04.08.1997.

കൃഷി വകുപ്പിൽ ഫാം ഇൻഫർമേഷൻ ബ്യൂറോയിലെ വീഡിയോഗ്രാഫർ തസ്തികയിൽ (35700-75600/- രൂപ ശമ്പളസ്കെയിലിൽ നിയമനം നൽകുന്നതിനുവേണ്ടി കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ വകുപ്പുകളിൽ നിന്നും യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ യോഗ്യരായ ജീവനക്കാർക്ക് തസ്തികമാറ്റം ( by transfer) മുഖേന നിയമനം നൽകുവാൻ പരാമർശത്തിലെ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്നു.

<u>യോഗ്യതകൾ:</u>

1. ഏതെങ്കിലും വിഷയത്തിലുള്ള അംഗീകൃത സർവ്വകലാശാല ബിരുദം.
2. സർക്കാർ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ നിന്നും വീഡിയോഗ്രാഫിയിൽ ലഭിച്ച ഡിപ്ലോമ. കൂടാതെ വീഡിയോ നിർമ്മാണവുമായി ബന്ധപ്പെട്ടതും വിഡിയോ ക്യാമറയുമായി ബന്ധപ്പെട്ട സങ്കീർണ്ണ അത്യാധുനിക ഉപകരണങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിലുള്ള പ്രായോഗിക പരിജ്ഞാനംതെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റ്.
3. വീഡിയോ നിർമ്മാണവുമായി ബന്ധപ്പെട്ട കഴിവ് തെളിയിക്കുന്ന പരിചയ സർട്ടിഫിക്കറ്റ്.

യോഗ്യതയുള്ളവർക്ക് ദൂരദർശൻ കേന്ദ്രം /എഞ്ചിനീയറിംഗ് കോളേജ് നടത്തുന്ന പ്രായോഗിക പരീക്ഷ ഉണ്ടായിരിക്കുന്നതാണ്.

തസ്തികമാറ്റം മുഖേന വിഡിയോ ഗ്രാഫർ തസ്തികയിലേയ്ക്ക് നിയമനം ലഭിക്കാൻ നിശ്ചിത യോഗ്യതയുള്ള ഉദ്യോഗസ്ഥർ അപേക്ഷ മേലധികാരിയുടെ വിശദമായ ശിപാർശ സഹിതം 29.04.2017 തീയതിയ്ക്ക് മുമ്പായി ഈ കാര്യാലയത്തിൽ ലഭിക്കത്തക്കവിധം അയച്ചുതരുവാൻ താത്പര്യപ്പെടുന്നു. വൈകി ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല എന്നും അറിയിക്കുന്നു.

ഒപ്പ്
കാർഷിക വികസന കർഷക
ക്ഷേമ ഡയറക്ടർ.

SENIOR ADMINISTRATIVE OFFICER
Directorate of Agriculture
Vikas Bhavan, Thiruvananthapuram-33

പകർപ്പ്-

1. എല്ലാ പി.എ.ഒ.മാർക്കും.
2. കൃഷി ഡയറക്ടറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള ഓഫീസുകൾക്കും.
3. കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയർ ആലപ്പുഴ,കോഴിക്കോട്.
4. എല്ലാ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും.
5. പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, എഫ്.ഐ.ബി. തിരുവനന്തപുരം.
6. ഡയറക്ടർ, ക്ഷീര വികസനം( ആമുഖ കത്ത് സഹിതം).
7. കൃഷി ഡെപ്യൂട്ടി ഡയറക്ടർ, ഐ.റ്റി.സെൽ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
8. ശേഖരണ ഫയൽ / അധികം.

എസ്.ജെ. 17.3.17.